പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6539

03.04.2018-ൽ
മറുപടിയ്ക്ക്

എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ. അനിൽ അക്കര:

ഉത്തരം
ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ മന്ത്രി)

(എ) എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വകുപ്പിൽ 244 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

എൻഫോഴ്സ്മെൻറ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി പുതിയ വാഹനങ്ങൾ നൽകിയിട്ടുണ്ട്. വകുപ്പിൽ പൂർണ്ണമായി ഇ-ഓഫീസ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എക്സൈസ് ഹെഡ് ക്വാർട്ടേഴ്സിലും, 7 ഡിവിഷൻ ഓഫീസുകളിലും ഇ-ഓഫീസ് സിസ്റ്റം നടപ്പിലാക്കിയിട്ടുമുണ്ട്.

സംസ്ഥാനത്തെ എല്ലാ റേഞ്ച് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ച് വാഹന പരിശോധനയ്ക്കുള്ള ആധുനിക സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വൈദ്യുതി ലഭ്യമല്ലാത്ത ചെക്ക്പോസ്റ്റുകളിൽ സോളാർലൈറ്റ് സംവിധാനം ഒരുക്കുകയും സിസി ടിവി സ്ഥാപിച്ച് പ്രവർത്തനം സുതാര്യമാക്കിയിട്ടുമുണ്ട്.

ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് രാസ പരിശോധനയ്ക്കായി സാമ്പിൾ ശേഖരിക്കുന്നതിലേക്കായി 3 മേഖലകളിലുമായി ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ രൂപീകരിച്ചിട്ടുണ്ട്. എക്സൈസ്

| | | | |
|---|---|---|---|
| | | | അക്കാദമിയ്ക്കായും, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായും ഓരോ ബസുകൾ ലഭ്യമാക്കിയിട്ടുണ്ട്. വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ പട്രോളിഗ് സ്ക്വാഡിന് രൂപം നൽകുകയും, 100 സ്കൂട്ടറുകൾ സ്ക്വാഡിന്റെഉപയോഗത്തിനായി ലഭ്യമാക്കിയിട്ടുമുണ്ട്. |
| (ബി) | 2017-ൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് രജിസ്റ്റർ ചെയ്ത കേസുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; അതിൽ എൻ.ഡി.പി.എസ്, കോട്പ നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ പ്രത്യേകമായി നൽകുമോ ; | (ബി) | ഉണ്ട്. 2017-ൽ എൻ.ഡി.പി.എസ് നിയമപ്രകാരം 5946 കേസ്സുകളും, കോട്പ നിയമപ്രകാരം 72231 കേസ്സുകളും രജിസ്റ്റർ ചെയ്തു. |
| (സി) | അബ്കാരി നിയമപ്രകാരം എത്ര ലിറ്റർ സ്പിരിറ്റും, വ്യാജമദ്യവും പിടിച്ചെടുത്തു വ്യാജമദ്യത്തിന്റെയും, സ്പിരിറ്റിന്റെയും കടത്ത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിജയപ്രദമാണോ എന്നറിയിക്കാമോ? | (സി) | 2017-ൽ 8354.350 ലിറ്റർ സ്പിരിറ്റും, 897.045 ലിറ്റർ വ്യാജമദ്യവും പിടിച്ചെടുത്തു. വ്യാജമദ്യത്തിന്റെയും സ്പിരിറ്റിന്റെയും കടത്ത് തടയുന്നതിന് ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിജയപ്രദമാണ്. |

സെക്ഷൻ ഓഫീസർ: